# VIJAYAGIRI PUBLIC SCHOOL

(Affiliated to CBSE, New Delhi, Affiliation No.930543)
Annallur P.O., Ashtamichira, Chalakudy, Thrissur- 680 731

**27/01/2025**

**CIRCULAR**

പ്രിയ രക്ഷിതാക്കളെ,

**Greetings: നിങ്ങൾക്കേവർക്കും ഐശ്വര്യപൂർണ്ണവും പ്രതീക്ഷാ നിർഭരവുമായ പുതുവത്സരാശംസകൾ**

വിദ്യാഭ്യാസരംഗത്ത് വേറിട്ട വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് വിജയഗിരി പബ്ലിക് സ്കൂൾ ഏറെ അഭിമാനകരമായ രണ്ടര പതിറ്റാണ്ട് പിന്നിടുകയാണ്. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മികവുറ്റ പിന്തുണ നൽകിക്കൊണ്ട് ഇതിനെ വളർച്ചയിലേക്ക് നയിക്കുന്നതിൽ രക്ഷാകർത്തൃ-കൂട്ടായ്മ വഹിച്ച പങ്ക് നിസ്സീമമാണ്. മാനേജ്മെന്റ് ഈ അവസരത്തിൽ നിങ്ങൾ ഓരോരു-ത്തരോടും ഹൃദയപൂർവ്വം കൃതജ്ഞത അറിയിക്കട്ടെ. പുത്തൻ സാങ്കേതികവിദ്യകളും പഠന രീതികളും ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ അധ്യയന നിലവാരം ഉയർത്തുന്നതോടൊപ്പം തന്നെ അവർ കൂടുതൽ സാമൂഹ്യബോധമുള്ളവരായി വളർന്നുവരുവാൻ ഉതകുന്നതും, മാനസികോല്ലാസം പകരുന്നതുമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ അധ്യാപകരുടെയും മാനേജ്മെന്റിന്റെയും മാതാപിതാക്കളുടെയും സഹകരണത്തോടെ ഈ വർഷവും അത്യു-ജ്ജ്വലമായി തന്നെ നടന്നു. നമ്മുടെ വിദ്യാർഥികളെ സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി-യെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'Together for Thrissur' എന്ന ചാരിറ്റി പ്രവർത്തനം ഈ വർഷവും സജീവമായി തുടരുന്നു.

## VIJAYATHARANG- വാർഷിക ദിനവും ക്രിസ്തുമസ് ആഘോഷവും

ഡിസംബർ 19,20 തീയതികളിൽ നടന്ന വിജയഗിരിവാർഷിക ദിനവും ക്രിസ്തുമസ് ആഘോഷവും സംഗീത നടനവിസ്മയങ്ങൾക്ക് വേദിയായി മാറി. കെ.ജി തലം മുതൽ ഹയർ സെക്കൻഡറി വരെയുള്ള എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് നടന്ന ഈ കലാവിരുന്നിൽ കുട്ടികൾ നയനാനന്ദകരമായ പ്രകടനങ്ങളാണ് കാഴ്ചവെച്ചത്. ഈ പരിപാടിയുടെ വൻ വിജയത്തിന് പിറകിൽ മാതാപിതാക്കളുടെ സഹകരണവും സാന്നിധ്യവും ഏറെ പ്രശംസ അർഹിക്കുന്നത് തന്നെയാണ്. ഇത്തരം ആഘോഷവേളകൾ കുട്ടികൾക്ക് പകരുന്ന മാനസികമായ ആനന്ദം വളരെ വലുതാണ്. പുത്തൻ സാങ്കേതികവിദ്യയിൽ തീർത്ത സ്റ്റേജും, പരിപാടിയുടെ മാറ്റുകൂട്ടി.

## അധ്യാപക പരിശീലനം

ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി CBSE നിഷ്കർഷിക്കുന്ന പുതിയ രീതികളെയും മാറ്റങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് അധ്യാപകരുടെ പ്രാഗത്ഭ്യം വർധിപ്പിക്കുന്നതിനായി വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ 50 മണിക്കൂർ ട്രെയിനിങ് പ്രോഗ്രാം അധ്യാപകർക്ക് നൽകുന്നതിന് വേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും മാനേജ്മെൻറ് ഏർപ്പെടുത്തിയിരുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ക്ലാസ് മുറികളെ കൂടുതൽ സജീവമാക്കാനും പഠനനിലവാരം ഉയർത്തുവാനും ഇത്തരം പരിശീലനങ്ങൾ അധ്യാപകരെ പ്രാപ്തരാക്കി. Pedagogy യിലും Assessment ലും വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കുട്ടികളെ പഠനത്തിൽ മികവുള്ളവ-രാക്കുവാൻ ഇത്തരം പരിശീലനങ്ങൾ അനിവാര്യമാണ്.

## School Store

ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾക്ക് ആവശ്യമായ ടെക്സ്റ്റ് ബുക്ക്, നോട്ടുബുക്ക്, ഗുണ മേന്മയുള്ള സ്കൂൾ ബാഗുകൾ, യൂണിഫോം തുണിത്തരങ്ങൾ തുടങ്ങിയവ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ സ്കൂൾ സ്റ്റോറിൽ നിന്ന് ലഭിക്കുന്നതാണ്.

Text Book – ഓരോ ക്ലാസിലെയും ഫുൾ സെറ്റ് ബുക്കുകളാണ് വിതരണം നടത്തുന്നത്. ടെക്സ്റ്റ് ബുക്കുകൾ ഫുൾ സെറ്റ് ആയി തന്നെ വാങ്ങുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

School Uniform – മൂന്നു വ്യത്യസ്ത തരത്തിലുള്ള യൂണിഫോമുകൾ ആണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. School Uniform - Monday, Tuesday, Thursday
2. House wise Uniform - Wednesday
3. Special Uniform - Friday

## House wise Uniform

രണ്ടു വർഷത്തിലൊരിക്കൽ ഹൗസുകൾ മാറുന്നതിനനുസരിച്ച് യൂണിഫോമിൽ മാറ്റം ഉണ്ടാകുന്നതാണ്. ഈ അധ്യയനവർഷം എല്ലാ കുട്ടികളുടെയും House മാറും. ഈ മാർച്ച് മാസത്തിൽ തന്നെ House തീരുമാനിച്ച് കുട്ടികളെ അറിയിക്കുന്നതായിരിക്കും

## Special Uniform

സ്പെഷ്യൽ യൂണിഫോം എല്ലാ വെള്ളിയാഴ്ചകളിലും ധരിക്കേണ്ടതാണ്. യൂണിഫോമുകൾ സൈസ് മാറുന്നതിനനുസരിച്ച് കൃത്യമായി മാറ്റിയെടുക്കണം. Special Uniform (White) ഒരു വർഷത്തേക്ക് ആണ് ഉദ്ദേശിക്കുന്നത്. സ്കൂൾ നിർദ്ദേശിക്കുന്നതിനനുസരിച്ചുള്ള യൂണിഫോമിന്റെ പാറ്റേണിലും Neatness ലും പ്രത്യേകം ശ്രദ്ധിക്കണം. യൂണിഫോമിനെ സംബന്ധിച്ചുള്ള എല്ലാ നിർദ്ദേശങ്ങളും ഡയറിയിൽ കൊടുത്തിട്ടുള്ളത് അനുസരിച്ച് കൃത്യമായി പാലിക്കാൻ വിദ്യാർഥികളെ ശീലിപ്പിക്കാൻ രക്ഷിതാക്കളുടെ സഹകരണം അത്യാവശ്യമാണ്.

## Sahodaya

സിബിഎസ്ഇ കലോത്സവമായ സഹോദയയുടെ തൃശ്ശൂർ സെൻട്രൽ സഹോദയ വിവിധ സ്കൂളുകളിൽ നിന്നും 2500 ഓളം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വിജയഗിരി പബ്ലിക് സ്കൂളിൽ നടത്തപ്പെടുകയുണ്ടായി. അതിന് ആദ്യ വേദിയായി നമ്മുടെ സ്കൂൾ തെരഞ്ഞെടുക്കപ്പെടുകയും സംഘടന മികവുകൊണ്ട് ഏറെ വാർത്താ പ്രാധാന്യം നേടുകയും ചെയ്തു. നമ്മുടെ വിദ്യാലയത്തിൽ നിന്ന് അനേകം വിദ്യാർത്ഥികൾ പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. സമ്മാനർഹരായ വിദ്യാർഥികൾ പാലക്കാട് നടന്ന സ്റ്റേറ്റ് സഹോദയ മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. കിഡ്സ് ഫെസ്റ്റിലും 60 ഓളം കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു

## Parent Teacher Contact Programme

അധ്യയനവർഷത്തിൽ നടത്തുന്ന എല്ലാ പരീക്ഷകൾക്കുശേഷവും വിദ്യാർത്ഥികളുടെ പഠനനിലവാരത്തെക്കുറിച്ച് അധ്യാപകരുമായി നേരിട്ട് ചർച്ച ചെയ്യുന്നതിനും കുട്ടികളെ കൂടുതൽ അടുത്തറിയുന്നതിനും വേണ്ടി ഓപ്പൺ ഹൗസ് സംഘടിപ്പിക്കുന്നു. അന്നേദിവസം എത്തിച്ചേരാൻ അസൗകര്യമുള്ള രക്ഷിതാക്കൾക്ക് **എല്ലാ മാസത്തിലും രണ്ടാമത്തെയും നാലാമത്തെയും ചൊവ്വാഴ്ചകളിൽ അധ്യാപകരെ കാണുവാനുള്ള സൗകര്യം ഉണ്ടായിരിക്കും. ഇത് അധ്യാപക രക്ഷാകർത്തൃ ബന്ധം ദൃഢമാക്കാൻ വഴിയൊരുക്കുന്നു**.

## Senior Secondary Courses

വിജയഗിരിയിൽ +1, +2 Section നിൽ  സയൻസ്, കോമേഴ്സ് ഹ്യൂമാനിറ്റീസ് എന്നീ ഗ്രൂപ്പുകളിൽ 7 Combination പഠിക്കാനുള്ള സൗകര്യം കുട്ടികൾക്ക് ലഭ്യമാണ്. കൂടാതെ സയൻസ് Stream ൽ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ടെസ്റ്റുകൾക്ക് ഒരുക്കുന്ന വിധത്തിലുള്ള എൻട്രൻസ് കോച്ചിംഗ് നൽകിവരുന്നു. കേരളത്തിലെ എൻട്രൻസ് കോച്ചിംഗ് രംഗത്ത് പ്രഗൽഭരായ Xylem മായി ചേർന്ന് വിജയിഗിരി **Off Campus Entrance Coaching** ൽ ഹോസ്റ്റൽ ബാച്ചിനും ഡേ സ്കോളർ ബാച്ചിനും കോച്ചിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം സീനിയർ സെക്കൻഡറി തലത്തിൽനിന്ന് നമ്മുടെ 3 വിദ്യാർഥികൾക്ക് IIT യിലേക്ക്, നാഷണൽ ലെവൽ അഡ്മിഷൻ ലഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

## ACCA (Association of Chartered Certified Accountant)

ഈ വർഷം മുതൽ കൊമേഴ്സ് ബാച്ചിന് പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾക്കൊപ്പം ACCA ൽ 3 ഘട്ടങ്ങളിലായി നടത്തപ്പെടുന്ന പ്രാഥമിക പരീക്ഷയിൽ വിജയം നേടുന്നവർക്ക് വേണ്ടി Integrated Programme ആരംഭിക്കുന്നു. ഇതിൽ ഒരു കുട്ടിക്ക് 3 പേപ്പർ Clear ചെയ്യാനുള്ള സൗകര്യമുണ്ട്. വളരെ ഉത്സാഹികളായ കുട്ടികൾക്ക് പഠനത്തോടൊപ്പം Professional Course പഠിക്കുന്നതിനുള്ള ഒരു സൗകര്യമാണ് , ഇത് Vijayagiri ൽ മാത്രമുള്ള സംവിധാനമാണ് .

## Foundation Classes

ഹൈസ്കൂൾ കുട്ടികളെ മത്സരപരീക്ഷകൾക്ക് ഒരുക്കുന്നതിനും അഭിരുചി വർദ്ധിപ്പിക്കുന്നതിനും സ്കൂൾ ടൈമിൽ തന്നെ ഫൗണ്ടേഷൻ ക്ലാസുകൾ നടന്നു വരുന്ന വിവരം അറിവുള്ളതാണല്ലോ (Class 8,9,10). കൂടുതൽ സാമ്പത്തിക ബാധ്യതയുള്ള ഈ ക്ലാസുകളുടെ ചെലവ് സ്കൂൾ എഗ്രിമെൻറ് അനുസരിച്ച് കുറഞ്ഞ നിരക്കിലാണ് സംഘടിപ്പിച്ച് വരുന്നത്.

## School Fees

എല്ലാതരം ഫീസുകളും സ്കൂൾ നിർദ്ദേശത്തിനനുസരിച്ച് പത്താം തിയതിക്ക് മുൻപ് അടച്ച് ലേറ്റ് ഫീസ് ഒഴിവാക്കാൻ ശ്രദ്ധിക്കുമല്ലോ. Due date നു മുമ്പ് ഫീസ് അടക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ തരം ഫീസുകളും ഓൺലൈനായി അടക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. Online Facility ഉപയോഗിക്കാൻ പരമാവധി ശ്രദ്ധിക്കണം. ഒറ്റത്തവണയായോ ഓരോ Term ലോ  ഫീസ് അടയ്ക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. അടുത്തവർഷം Bus ഫീസ് 5 മുതൽ 8 ശതമാനം വരെ വർദ്ധന വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## Health and Wellness programme

LKG class മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് Professional ആയി Health and Wellness programme ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നു എല്ലാം കുട്ടികൾക്കും അവരുടെ വയസ്സിനും സൈസിനും അനുസരിച്ചുള്ള ബോഡി ഫിറ്റ്നസ് ഉണ്ടായിരിക്കുക എന്നത് ഫിസിക്കൽ എജുക്കേഷന്റെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. ചെറുപ്രായത്തിൽ തന്നെ നല്ല ഫിറ്റ്നസ് ശീലങ്ങൾ വളർത്തിയെടുക്കാൻ വേണ്ടി പ്രൊഫഷണൽ ഏജൻസിയുടെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. Physical fitness and Wellness programme കൾ മുൻവർഷത്തേക്കാൾ മിക–വുറ്റതും നിർബന്ധിതമാക്കുന്നതിന്റെ ഭാഗമായി Co-Curricular Optional Programme കളിലും അതിന്റെ Fee Structure കളിലും ചെറിയ മാറ്റം വരുത്തുന്നതായിരിക്കും. മുൻ വർഷങ്ങളിൽ പല തവണകളായി വിവിധ ആവശ്യങ്ങൾക്കായി അടച്ചിരുന്ന ഫീസിനങ്ങൾ ഏകോപിപ്പിച്ച് ഒരു തവണയായി അടയ്ക്ക്കേണ്ടതാണ്. ഇത് കുട്ടികൾക്ക് ലഭിക്കുന്ന Facility യുടെ അടിസ്ഥാനത്തിൽ വ്യത്യസ്തങ്ങളായ തുക ആയിരിക്കും.

| Class | Total | 1st Installment | 2nd Installment |
|---|---|---|---|
| KG | Rs.2200 | Rs.1100(June) | Rs.1100(Sep) |
| Class 1 TO 8 | Rs.3300 | Rs.1650(June) | Rs.1650(Sep) |
| Class 9 | Rs.2200 | Rs.1100(June) | Rs.1100(Sep) |
| Class 10,11,12 | Rs.1100 | Rs.1100(June) | ———— |

തികച്ചും Optional ആയിട്ടുള്ള അഡീഷണൽ Programmes (Tour, External competitions, Board Exam) മുതലായ ഇനങ്ങൾക്ക് മാത്രമേ മറ്റുതരത്തിലുള്ള ഫീസ് കളക്ഷൻസ് ഉണ്ടായിരിക്കുകയുള്ളൂ.

## Annual Exam/Holidays

എട്ടാം ക്ലാസ് വരെയുള്ള കുട്ടികളുടെ വാർഷിക പരീക്ഷകൾ മാർച്ച് 26 ന് പൂർത്തിയാകും. ഓപ്പൺ ഹൗസ് ഏപ്രിൽ 7ന് നടത്തുന്നതായിരിക്കും ഇതിനുശേഷം മാത്രമേ കുട്ടികൾ ദൂര വെക്കേഷൻ യാത്രകൾക്ക് തയ്യാറെടുക്കാവൂ. പുതിയ 10, 12 ബാച്ചിന്റെ വെക്കേഷൻ ക്ലാസുകൾ ഏപ്രിൽ 12 വരെയും അതിനുശേഷം മെയ് അവസാന ആഴ്ചയിലും നടത്തപ്പെടുന്നതാണ്. എല്ലാ കുട്ടികളും അതിനനുസരിച്ച് വെക്കേഷൻ പ്രോഗ്രാമുകൾ സജ്ജീകരിക്കേണ്ടതാണ്.

## 2025 –26 അധ്യായന വർഷത്തേക്കുള്ള പ്രവേശനം

2020ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദേശപ്രകാരമാണ് പ്രവേശനം ക്രമീകരിച്ചിരിക്കുന്നത്. വിവിധ ഘട്ടങ്ങൾക്കും പ്രായത്തിനും അനുസൃതമായ പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് വേണ്ടി ഘടനാപരമായ മാറ്റങ്ങളെ ഉൾക്കൊണ്ട് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുണ്ട്. മൂന്ന് വയസ്സുള്ള കുട്ടികൾക്ക് PRE KG യിൽ പ്രവേശനം നേടാൻ സാധിക്കുന്നതാണ്. LKG യ്ക്കുള്ള അഡ്മിഷനും ഒന്നും പതിനൊന്നും ക്ലാസ്സിലേക്കുള്ള Admission registration ആരംഭിച്ചിരിക്കുകയാണ്. മറ്റു ക്ലാസുകളിലേക്കുള്ള പ്രവേശനം സീറ്റുകളുടെ ലഭ്യതയ്ക്കനുസരിച്ചായിരിക്കും. **പന്ത്രണ്ടാം ക്ലാസിനു മുമ്പ് സ്കൂൾ മാറ്റാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ ഫെബ്രുവരിയിൽ തന്നെ TCയ്ക്ക് വേണ്ടി അപേക്ഷിക്കേണ്ടതാണ്**. വിവിധ ക്ലാസുകളിലേക്കുള്ള പുതിയ അഡ്മിഷൻ സ്വീകരിക്കാൻ ഇത് സ്കൂളിന് സഹായകമാകും.

കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്ക് വേണ്ട എല്ലാവിധ നിർദ്ദേശങ്ങളും രക്ഷിതാക്കളുടെ പക്കൽനിന്ന് ലഭിക്കുന്നത് പരമാവധി ഉൾക്കൊണ്ടാണല്ലോ വിജയഗിരി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. മാനേജരെയും പ്രിൻസിപ്പാളിനെയും എല്ലാ ദിവസവും കാണുന്നതിനുള്ള സൗകര്യം ഉണ്ട്. മുൻകൂട്ടി Appointment എടുക്കുന്നതാണ് സൗകര്യം.

*'Let's give the best to our children and prepare them for global citizenship'.*



**ഫാ. ജോസഫ് ജോൺ**

**മാനേജർ**